**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1524 — 11.02.2013 ൽ മറുപടിക്ക്

**തൂണേരി ബ്ലോക്ക് നിട്ടൂർ-മലയാടപ്പൊയിൽ റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ.ലതിക | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ല തൂണേരി ബ്ലോക്ക് നിട്ടൂർ-മലയാടപ്പൊയിൽ റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് സംഖ്യ വ്യക്തമാക്കുമോ; | എ) തൂണേരി ബ്ലോക്കിലെ നിട്ടൂർ മലയാടപ്പൊയിൽ റോഡിന്റെ (ഫേസ് 4, പാക്കേജ് കെ.ആർ. 08-07) ബാക്കിയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കരാറുകാരന്റെ റിസ്ക്ക് ആന്റ് കോസ്റ്റ് പ്രകാരം റദ്ദ് ചെയ്തപ്രവൃത്തി ആയതിനാൽ കരാർ ഉറപ്പിച്ച 2004 ലെ പൊതുമരാമത്ത് നിരക്കനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുളളത്. എസ്റ്റിമേറ്റ് തുക 17,48,140/- രൂപ. |
| ബി) എസ്റ്റിമേറ്റിലുണ്ടായ വർദ്ധനവ് നൽകുന്നതിന്, ആദ്യത്തെ കരാറുകാരന് നൽകാതെയിരുന്ന ബില്ലുകളുടെ തുക ഉപയോഗിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ; | ബി) കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ മുഴുവൻ തുകയും ആറാം പാർട്ട് ബിൽ പ്രകാരം ടിയാന് നൽകിയിട്ടുണ്ട്. കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുക കൊണ്ടുമാത്രം ബാക്കി പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുകയില്ല. മാത്രമല്ല കരാറുകാരൻ തുടർ പ്രവൃത്തി ചെയ്യാത്തതിനാൽ നേരത്തേ ബിൽ ചെയ്തിട്ടുളള.3,17,040/- രൂപക്ക് പ്രവൃത്തി പുതുക്കി ചെയ്യേണ്ടതുമുണ്ട്. |

| | | | |
|---|---|---|---|
| സി) | കരാറിൽ നിന്നും പിൻമാറിയ കരാറുകാരൻ ചെയ്ത പ്രവൃത്തികളിൽ എന്തൊക്കെ പ്രവൃത്തികൾ വീണ്ടും ചെയ്യേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; | സി) | ഗ്രേഡ് 3 മെറ്റലിംഗ്, ഗ്രേഡ് 2 മെറ്റലിംഗ് എന്നിവ. |
| ഡി) | വീണ്ടും ചെയ്യേണ്ടിവരുന്ന പ്രവൃത്തികൾക്കുള്ള തുക ടിയാന് നൽകാനുള്ള തുകയിൽ നിന്നും ഈടാക്കി നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | ഡി) | ടിയാന് തുകയൊന്നും നൽകുവാനില്ല. എന്നാൽ ടിയാനിൽ നിന്നും ജപ്തി നടപടിയിലൂടെ തുക പിടിച്ചെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ